മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ജൂൺ 7

# വാർത്താക്കുറിപ്പ്

---

## ഡോ. ഹന്ന ജെ. മരിയക്ക് ബഹുമതി

മഹാത്മാഗാന്ധി സർവ്വകലാശാല യു.ജി.സി. ധനസഹായത്തോടെ നടത്തുന്ന ഗവേഷണ പദ്ധതിയിൽ റിസർച്ച് അസോസിയേറ്റ് ആയി പ്രവർത്തിച്ചു വരുന്ന ഡോ. ഹന്ന ജെ. മരിയയെ ഫ്രാൻസിലെ യൂണിവേഴ്സിറ്റി ഓഫ് ലൊറെയ്ൻ വിസിറ്റിംഗ് പ്രൊഫസർ പദവി നൽകി നിയോഗിച്ചു. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്ന് പി.എച്ച്.ഡി. യോഗ്യത നേടിയ ഡോ. ഹന്ന പത്ത് വർഷത്തിലധികമായി പോളിമർ സയൻസ് - പോളിമർ സാങ്കേതികവിദ്യാ മേഖലയിൽ ഗവേഷണ പരിചയമുള്ളയാളാണ്. കൂടാതെ ഖത്തർ സർവ്വകലാശാലക്ക് കീഴിലുള്ള സെന്റർ ഫോർ അഡ്വാൻസ്ഡ് മെറ്റീരിയൽസ്, ജപ്പാനിലെ യമാഗുചി സർവ്വകലാശാലക്ക് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഫ്രാൻസിലെ ആർ.എ.പി.എസ്.ഒ.ഡി.ഇ.ഇ. കേന്ദ്രം, റഷ്യയിലെ സൈബീരിയൻ ഫെഡറൽ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിലെല്ലാം പോസ്റ്റ് ഡോക്ടറൽ ഗവേഷണ പരിചയവും അവർക്കുണ്ട്. സ്വീഡനിലെ സ്റ്റോക് ഹോം യൂണിവേഴ്സിറ്റി മഹാത്മാഗാന്ധി സർവ്വകലാശാലയുമായി സഹകരിച്ച് ജലശുദ്ധീകരണത്തിനുള്ള പുത്തൻ സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള ഗവേഷണ പദ്ധതിയുമായി ബന്ധപ്പെട്ട് അടുത്തയിടെ സ്വീഡൻ സന്ദർശിച്ച മഹാത്മാഗാന്ധി സർവ്വകലാശാല സംഘത്തിലും ഡോ. ഹന്ന അംഗമായിരുന്നു. ഗവേഷണരംഗത്തെ എച്ച് സൂചകത്തിൽ 20 സ്കോർ നേടിയിട്ടുള്ള ഈ ഗവേഷകയുടെ പ്രബന്ധങ്ങൾ അന്തർദേശീയ തലത്തിൽ അറിയപ്പെടുന്ന നിരവധി അക്കാദമിക് ജേണലുകളിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്.

പ്രകൃതി ദത്ത റബ്ബർ അധിഷ്ഠിത ഉത്പന്നങ്ങൾ, തെർമോ പ്ലാസ്റ്റിക് ഉത്പന്നങ്ങൾ, നാനോ സെല്ലുലോസ്, നാനോ സംയുക്തങ്ങൾ തുടങ്ങിയവയെ കേന്ദ്രീകരിച്ചുള്ള ഗവേഷണ പ്രവർത്തനങ്ങളിലാണ് ഡോ. ഹന്ന മുഖ്യമായും ഏർപ്പെട്ടിട്ടുള്ളത്.

(പി.ആർ.ഒ./39/687/2022)

## പരീക്ഷാ ഫീസ്

അഞ്ചാം സെമസ്റ്റർ എം.സി.എ. - റെഗുലർ / സപ്ലിമെന്ററി / മേഴ്സി ചാൻസ് (അഫിലിയേറ്റഡ് കോളേജ് & സി.പി.എ.എസ്.) പരീക്ഷകൾ ജൂൺ 29 ന് ആരംഭിക്കും. പിഴയില്ലാതെ ജൂൺ 14 നും 525 രൂപ പിഴയോടു കൂടി ജൂൺ 15 നും 1050 രൂപ സൂപ്പർഫൈനോടു കൂടി ജൂൺ 16 നും അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

ഒന്നാം സെമസ്റ്റർ ബി.വോക്ക് (പുതിയ സ്കീം - 2021 അഡ്മിഷൻ - റെഗുലർ) പരീക്ഷകൾ ജൂൺ 20 ന് ആരംഭിക്കും. പിഴയില്ലാതെ ജൂൺ ഒമ്പത് മുതൽ 10 വരെയും 525 രൂപ പിഴയോടു കൂടി ജൂൺ 11 മുതൽ 13 വരെയും 1050 രൂപ സൂപ്പർഫൈനോടു കൂടി ജൂൺ 14 നും അപേക്ഷിക്കാം. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/689/2022)

## പരീക്ഷാ തീയതി

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിന്റെ മൂന്നാം സെമസ്റ്റർ എം.എഡ്. (2020-2022 ബാച്ച് സി.എസ്.എസ്.) എക്സ്റ്റേണൽ പരീക്ഷകൾ ജൂലൈ പതിനൊന്നിന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/690/2022)

## പരീക്ഷാ ഫലം

2021 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ. - എൽ.എൽ.ബി. (2011, 2012 മുതൽ 2014 വരെ, 2015 അഡ്മിഷനുകൾ - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷകൾ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം ജൂൺ 21 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

(പി.ആർ.ഒ./39/691/2022)

2021 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. തമിഴ് പി.ജി.സി.എസ്.എസ്. റെഗുലർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം ജൂൺ 21 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/692/2022)

2021 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. മ്യൂസിക് - വീണ, വയലിൻ, എം.എ. ഭരതനാട്യം / മോഹിനിയാട്ടം / കഥകളി വേഷം / കഥകളി സംഗീതം (റെഗുലർ / സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനപരിശോധനക്കും സൂക്ഷമപരിശോധനക്കും നിശ്ചിത ഫീസടച്ച് ജൂൺ 21 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/693/2022)

പി.സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ജൂൺ 7

## വാർത്താക്കുറിപ്പ് (2)

## എം.ജി ആറാം സെമസ്റ്റർ യു.ജി. പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാല 2022 ഏപ്രിൽ - മെയ് മാസങ്ങളിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ., ബി.എസ് സി, ബി.കോം. ( സി ബി സി എസ് -2019 അഡ്മിഷൻ - റഗുലർ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. ഫലം www. mgu.ac.in എന്ന വെബ് സൈറ്റിൽ പരിശോധിക്കാം. തിയറി പേപ്പർ പരീക്ഷകൾ കഴിഞ്ഞ് കേവലം 23 പ്രവൃത്തി ദിവസങ്ങൾ കൊണ്ടാണ് മൂല്യനിർണയവും ടാബുലേഷനും മറ്റ് അനുബന്ധ നടപടികളും പൂർത്തിയാക്കി സർവ്വകലാശാല പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചത്. പ്രായോഗിക പരീക്ഷകൾ പൂർത്തിയായിട്ട് 15 പ്രവൃത്തി ദിവസങ്ങൾ മാത്രമേ ആയിട്ടുള്ളൂ.

രണ്ട് വർഷമായി കോവിഡ് - 19 സൃഷ്ടിച്ച പ്രതിസന്ധിയിൽ നിന്ന് കേരളത്തിൻ്റെ അക്കാദമിക് രംഗം കരകയറുന്നുവെന്നതിനുള്ള തെളിവ് കൂടിയാണ് ഈ ഫലപ്രഖ്യാപനം. കോവിഡിനെ തുടർന്നുള്ള അടച്ചിടൽ പരീക്ഷാ നടത്തിപ്പിനെയും ക മൂല്യനിർണയത്തെയും ഫലപ്രഖ്യാപനത്തെയുമെല്ലാം വലിയ തോതിൽ ബാധിച്ചിരുന്നു. ഈ സാഹചര്യത്തിലാണ് വിദ്യാർത്ഥികളുടെ ഭാവി സംബന്ധിച്ച് ഏറെ നിർണായകമായ അവസാന സെമസ്റ്റർ പരീക്ഷാ ഫലം സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ എം.ജി. സർവ്വകലാശാല നടപടി സ്വീകരിച്ചത്. യു.ജി. തലത്തിലുള്ള 38485 വിദ്യാർത്ഥികളാണ് വിവിധ കേന്ദ്രങ്ങളിലായി പരീക്ഷ എഴുതിയത്. വരും ദിവസങ്ങളിൽ വിവിധ കോഴ്സുകളുടെ മറ്റ് സെമസ്റ്റർ പരീക്ഷകളുടെ ഫലപ്രഖ്യാപനവും ത്വരിതപ്പെടുത്താനുള്ള നടപടികളുമായി മുന്നോട്ട് പോവുകയാണ് എം.ജി. സർവ്വകലാശാല.

(പി.ആർ.ഒ./39/694/2022)

പി. സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ